## പതിനാലാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ:2802** **13.03.2020 ൽ മറുപടിയ്ക്ക്**

**ദേവികുളം നിയോജകമണ്ഡലത്തിലെ പട്ടയ വിതരണം**

**ചോദ്യം**
**ശ്രീ.എസ്. രാജേന്ദ്രൻ**

**മറുപടി**
**ശ്രീ.ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ കാലയളവിൽ ദേവികുളം നിയോജകമണ്ഡലത്തിൽ എത്ര പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ആയതിന്റെ വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ദേവികുളം താലൂക്കിൽ ആകെ 2060 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ആയതിന്റെ വില്ലേജ് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br>മന്നാങ്കണ്ടം - 783<br>കുഞ്ചിത്തണ്ണി - 287<br>വെള്ളത്തൂവൽ - 205<br>മറയൂർ - 172<br>കാന്തല്ലൂർ - 95<br>കീഴാന്തൂർ - 388<br>പള്ളിവാസൽ - 45<br>ആനവിരട്ടി - 35<br>മാങ്കുളം - 50<br>**ആകെ - 2060** |
| (ബി) | പ്രസ്തുത പട്ടയങ്ങളിൽ ലാന്റ് അസൈൻമെന്റ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്ത പട്ടയങ്ങൾ എത്രയെന്നും അവയുടെ വില്ലേജ് അടിസ്ഥാനത്തിലുള്ള കണക്കും വ്യക്തമാക്കാമോ; | (ബി) | വിതരണം ചെയ്ത മുഴുവൻ പട്ടയങ്ങളും ലാന്റ് അസൈൻമെന്റ് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതും കേരള ഭൂമി പതിവ് ചട്ടങ്ങളിലെ നടപടി ക്രമങ്ങൾ പാലിച്ചിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| (സി) | ലാന്റ് അസൈൻമെന്റ് കമ്മിറ്റി ശുപാർശ ചെയ്യുന്ന പട്ടയങ്ങൾക്ക് കമ്മിറ്റി തീരുമാനത്തിന് ശേഷം ജില്ലാ കളക്ടറുടെ അംഗീകാരം ലഭ്യമാക്കേണ്ടതുണ്ടോ; ലാന്റ് അസൈൻമെന്റ് കമ്മിറ്റി മുഖേന പട്ടയം നൽകുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കാമോ; | (സി) | 1964 ഭൂമി പതിവ് ചട്ടങ്ങൾ, ചട്ടം 12(3) പ്രകാരം പതിച്ചുനൽകാവുന്ന ഭൂമിയുടെ ലിസ്റ്റ് താലൂക്ക് ഭൂമി പതിവ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ച ശേഷം ശുപാർശയ്ക്കായി ജില്ലാ കളക്ടറുടെ അനുമതിയ്ക്കായി അയച്ചു കൊടുക്കേണ്ടതാണ്. പതിച്ചു നൽകുന്നതിലേയ്ക്കായി ലഭിച്ചിട്ടുള്ള അപേക്ഷകളിൻമേൽ വിശദമായി പരിശോധന നടത്തി ഭൂമിയുടെ സ്കെച്ച്, മഹസ്സർ എന്നിവ തയ്യാറാക്കി ഭൂമിയും കൈവശക്കാരനും പതിച്ചു നൽകുന്നതിന് അർഹമാണെന്ന് കണ്ടെത്തിയാൽ ആയവ ചട്ടം 12A പ്രകാരം രൂപീകരിച്ചിട്ടുള്ള താലൂക്ക് ലാന്റ് അസൈൻമെന്റ് കമ്മിറ്റി മുമ്പാകെ ഹാജരാക്കുകയും താലൂക്ക് ലാന്റ് അസൈൻമെന്റ് കമ്മിറ്റി ശുപർശ ചെയ്യുന്നവ ചട്ടം 12(3) പ്രകാരം ജില്ലാ കളക്ടറുടെ അനുമതിയ്ക്ക് വിധേയമായി പതിച്ചു നൽകുകയും ചെയ്തുവരുന്നു. |
| (ഡി) | ലാന്റ് അസൈൻമെന്റ് കമ്മിറ്റികൾ നിയമസഭാ സാമാജികരുടെ പങ്കാളിത്തം ഇല്ലാതെ കൂടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ലാന്റ് അസൈൻമെന്റ് കമ്മിറ്റികളിൽ സാമാജികരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള നിർദ്ദേശം റവന്യൂ ഉദ്യോഗസ്ഥർക്ക് നൽകുന്നതിന് തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | ഇല്ല.<br>താലൂക്ക് ലാന്റ് അസൈൻമെന്റ് കമ്മിറ്റിയിൽ അതാതു താലൂക്കിനേയോ താലൂക്കിൽ ഏതെങ്കിലും ഭാഗത്തേയോ പ്രതിനിധീകരിക്കുന്ന പാർലമെന്റ് അംഗം അല്ലെങ്കിൽ നിയമസഭാംഗം അംഗമാണ്. താലൂക്ക് ലാന്റ് അസൈൻമെന്റ് യോഗം ചേരുന്ന വിവരം ബന്ധപ്പെട്ട നിയമസഭാ സാമാജികരെ അറിയിക്കാറുണ്ട്. |

**സെക്ഷൻ ഓഫീസർ**